


# എൻ.എസ്.എസ് ഹൈസ്കൂൾ,വേങ്ങശ്ശേരി

# തൂലിക

സ്കൂൾ പത്രം

ലക്കം - 04

2024 സെപ്റ്റംബർ






## കായിക മേള

നമ്മുടെ സ്ക്കൂളിലെ കായിക മേളയുടെ ഉദ്ഘാടനം അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത് അംഗം ( എട്ടാം വാർഡ് ) ധന്യ പി.ബി നിർവ്വഹിച്ചു.പി ടി എ പ്രസിഡന്റ് ഷിജി കെ അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ എം.ശശികുമാർ സ്വാഗതം പറഞ്ഞു.പി ടി എ എക്സിക്യുട്ടീവ് അംഗങ്ങളായ ശ്രീജ.കെ, രാജി എം, സീനിയർ അസിസ്റ്റന്റ് രതകുമാരി കെ.കെ എന്നിവർ ആശംസകൾ നേർന്നു. സ്റ്റാഫ് സെക്രട്ടറി അജിത് തമ്പാൻ നന്ദി രേഖപ്പെടുത്തി.







## ഓണാഘോഷം

നമ്മുടെ സ്ക്കൂളിലെ ഈ വർഷത്തെ ഓണാഘോഷം ബഹുമാനപ്പെട്ട എൻ എസ് എസ് ഒറ്റപ്പാലം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം.മോഹനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ എം.ശശികുമാർ PTA എക്സിക്യുട്ടീവ് അംഗമായ ശ്രീജ, കെ.വേലായുധൻ, സ്റ്റാഫ് സെക്രട്ടറി കെ.അജിത് തമ്പാൻ എന്നിവർ പ്രസംഗിച്ചു. PTA എക്സിക്യുട്ടീവ് അംഗങ്ങളായ രാജി, സിന്ധു എന്നിവർ പങ്കെടുത്തു.പൂക്കള മത്സരം, ഉറിയടി ,സുന്ദരി യ്ക്ക് പൊട്ടുകുത്തൽ തുടങ്ങിയ വിവിധ പരിപാടികളും നടത്തി.ഓണസദ്യയും ഉണ്ടായിരുന്നു.

# കുഞ്ഞിക്കുഞ്ഞി മുയൽ

## കഥ - അരുണിമ .കെ .എ

എല്ലാവരും എന്നെക്കാൾ വലുതാ ...
എന്റെ അച്ഛനും അമ്മയും ഒക്കെ
എൻ്റച്ഛന് ഭയങ്കര തടിയാ ...
ഈ പ്രാവിനും എന്നേക്കാൾ വലിപ്പമുണ്ട്
ഈ മരം എത്ര എത്ര വലുതാ
പക്ഷെഎനിക്ക് ഏതാണ്ട് ഈ കാരറ്റിനോളം വലിപ്പമുണ്ട്
ഞാൻ എന്നും ഭക്ഷണം കഴിക്കും എന്നിട്ടും ഞാൻ വളരുന്നില്ല എന്നെ വേറെ മുയലുകൾ കളിയാക്കും ."കുഞ്ഞികുഞ്ഞി മുയാലത്രേ ".എന്നാൽ 'അമ്മ എന്നെ സമാധാനിപ്പിച്ച് ഒരു ഉമ്മ തരും .അച്ഛൻ എന്റെ കൂടെ കളിക്കും .എപ്പോഴും ഞാൻ പ്രാർത്ഥിക്കും 'ഞാൻ വലുതാവാണെ' എന്ന് ..
അവസാനം എന്റെ പ്രാർത്ഥന ഫലിച്ചു .കാരറ്റിനെക്കാൾ വലുതായി.എന്നെ കളിയാക്കിയവരുടെ മുന്നിൽ ഗമയോടെ നിന്നു.



# ബോധവൽക്കരണ ക്ലാസ്



കേന്ദ്ര വനിത ശിശു വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'പോഷൻ മാ' 2024 ആഘോഷ പരിപാടികളുടെ ഭാഗമായി നമ്മുടെ സ്ക്കൂളിൽ നടന്ന ബോധവൽക്കരണ ക്ലാസ് ശ്രീ.ജോസഫ് ബിനു.ബി (ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, CHC അമ്പലപ്പാറ) ഉദ്ഘാടനം ചെയ്തു.എല്ലാവർക്കും പോഷകാഹാരം എന്ന വിഷയത്തെക്കുറിച്ച് ശ്രീമതി.വിദ്യ.ജി.നായർ (സ്ക്കൂൾ ഹെൽത്ത് നഴ്സ്, CHC, അമ്പലപ്പാറ ക്ളാസെടുത്തു. സീനിയർ അസിസ്റ്റന്റ് ശ്രീമതി കെ.കെ രത്നകുമാരി സ്വാഗതം പറഞ്ഞു.



# വിജയികൾ










# പത്ര വാർത്തകൾ



വേങ്ങശ്ശേരി എൻഎസ്എസ് ഹൈസ്കൂളിൽ ഓണാഘോഷം എൻഎസ്എസ് ഒറ്റപ്പാലം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു. ഹെഡ്മാസ്റ്റർ എം. ശശികുമാർ, ശ്രീജ, രാജി, സിന്ധു, വേലായുധൻ, അജിത് തമ്പാൻ സംസാരിച്ചു. ഡിജിറ്റൽ പൂക്കളമത്സരവും നടത്തി.

സുപ്രഭാതം

## കായികമേള ഉദ്ഘാടനം

**വേങ്ങശ്ശേരി ▸** എൻ.എസ്.എസ് ഹൈസ്കൂളിലെ കായികമേളയുടെ ഉദ്ഘാടനം അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് എട്ടാം വാർഡ് മെംബർ പി.ബി ധന്യ നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് കെ. ഷിജി അധ്യക്ഷയായി. കെ. ശ്രീജ, എം. രാജി, സീനിയർ അസിസ്റ്റന്റ് കെ.കെ രത്നകുമാരി സംസാരിച്ചു. പ്രധാനാധ്യാപകൻ എം. ശശികുമാർ സ്വാഗതവും സ്റ്റാഫ് സെക്രട്ടറി കെ. അജിത് തമ്പാൻ നന്ദിയും പറഞ്ഞു.

Palakkad Edition
Date : 9/29/2024 , Page : 3

വീക്ഷണം

## ഓണാഘോഷം സംഘടിപ്പിച്ചു

ഒറ്റപ്പാലം: വേങ്ങശ്ശേരി എൻ എസ് എസ് ഹൈസ്ക്കൂളിലെ ഓണാഘോഷ പരിപാടികൾ എൻ എസ് എസ് ഒറ്റപ്പാലം താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് എം.മോഹനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

ഹെഡ്മാസ്റ്റർ എം.ശശികുമാർ, പി ടി എ എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീജ, രാജി, സിന്ധു, സ്റ്റാഫ് സെക്രട്ടറി കെ.അജിത് തമ്പാൻ എന്നിവർ സംസാരിച്ചു.

പൂക്കള മത്സരം, ഓണപ്പാട്ടുകൾ, ഓണക്കളികൾ, ഉറിയടി എന്നിവയും ഉണ്ടായിരുന്നു. എല്ലാ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഓണസദ്യയും ഒരുക്കി. ഐ ടി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ പൂക്കള മത്സരവും നടത്തി.

## ബോധവൽക്കരണ ക്ലാസ്

**വേങ്ങശ്ശേരി:** എൻഎസ്എസ് ഹൈസ്കൂളിൽ കേന്ദ്ര വനിതാശിശു വികസന മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നടന്ന ബോധവൽക്കരണ ക്ലാസ് ബി. ജോസഫ് ബിനു ഉദ്ഘാടനം ചെയ്തു. 'എല്ലാവർക്കും പോഷകാഹാരം' എന്ന വിഷയത്തെക്കുറിച്ച് വിദ്യ ജി. നായർ ക്ലാസെടുത്തു. സീനിയർ അസിസ്റ്റന്റ് കെ.കെ രത്നകുമാരി സംസാരിച്ചു.